(സി) 'കെസ്റു' എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) 'കെസ്റു 1999' പദ്ധതി പ്രകാരം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റർ ചെയ്ത എഴുത്തും വായനയും അറിയുന്ന 21-നും 40-നും ഇടയിൽ പ്രായമുള്ള കുടുംബ വാർഷിക വരുമാനം 24,000 രൂപ കവിയാത്തവർക്ക് അപേക്ഷിക്കാം. ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പ തുകയുടെ (ഒരാൾക്ക് പരമാവധി 1 ലക്ഷം രൂപ) 20% ഡീഡ് മണി ഗ്രാൻറായി നൽകും. ഇപ്രകാരം നാളിതുവരെ 2,621 പേർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(എഫ്) 'ഇ' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റററിൽ ഉണ്ടായിരുന്ന ഉദ്യോഗാർത്ഥികൾ

80 [2217] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മാർച്ച് 31 വരെ സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റററിൽ ഉണ്ടായിരുന്ന വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ ഇനം തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ;

(ബി) 2001, 2002, 2003, 2004 വർഷങ്ങളിൽ പുതുതായി രജിസ്റർ ചെയ്യപ്പെട്ടവരുടേയും, വർഷാവസാനം ലൈവ് രജിസ്റററിൽ ഉണ്ടായിരുന്നവരുടേയും ഈ വർഷങ്ങളിൽ അറിയിക്കപ്പെട്ട ഒഴിവുകൾ, ജോലിക്ക് പരിഗണിക്കപ്പെട്ടവർ, ജോലി ലഭിച്ചവർ എന്നിവരുടേയും സ്ഥിതിവിവരക്കണക്ക് ലഭ്യമാക്കാമോ;

(സി) 2001, 2002, 2003, 2004 വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ വ്യവസായങ്ങളിൽ തൊഴിൽ നിലവാരത്തിൽ (സ്വകാര്യ മേഖലയിലേയും അപാതു മേഖലയിലേയും തൊഴിലാളികളുടെ എണ്ണത്തിൽ) വന്ന മാറ്റങ്ങൾ സംബന്ധിച്ച സ്ഥിതിവിവര കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു:

നിരക്ഷരർ		586
ബിലോ മെട്രിക്	..	662439
മെട്രിക്	..	2209667
ഇൻറർമീഡിയറ്	..	554733
ഗ്രാഡ്വേറ്	..	237129
പോസ്ററ് ഗ്രാഡ്വേറ്	..	59282
ആകെ	..	3723836

LIBRARY ARCHIVES Kerala Legislative Assembly

(ബി)

വർഷം	പുതുതായി രജിസ്റ്റർ ചെയ്ത വരുടെ എണ്ണം.	വർഷാവസാനം രജിസ്റ്ററിൽ ഉണ്ടായിരുന്നവർ	ഈ വർഷത്തിൽ അറിയിക്കപ്പെട്ട ഒഴിവുകൾ	ജോലിക്ക് പരിഗണിക്കപ്പെട്ടവർ	ജോലി ലഭിച്ചവർ
2000–01	628910	4238034	28494	280311	17453
2001–02	464960	4133380	16330	179547	13239
2002–03	443744	3673936	14459	169086	12599
2003–04	344513	3638864	19597	175122	9331
2004–05	340895	3723836	18238	197099	9797

(സി) വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

കലണ്ടർ വർഷം	ഉദ്യോഗസ്ഥരുടെ എണ്ണം.	ഉദ്യോഗസ്ഥരുടെ എണ്ണം	
		പൊതുമേഖല	സഹകരണമേഖല
12/2001	1231801	643366	588435
12/2002	1220304	637996	582308
12/2003	1168833	619263	549570
12/2004	1145757	614756	531001

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടും ജോലിക്ക് മെമ്മോ ലഭിക്കാത്തവർ

81 [2218] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം വെളിപ്പെടുത്താമോ;

(ബി) പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായിട്ടും ഒരു ജോലിക്കും മെമ്മോ ലഭിക്കാത്തവർ, തലശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അങ്ങനെയുള്ളവർക്ക് ജോലി ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly